# ആൽക്കഹോളിക്സ് അനോനിമസ്സിന്റെ
# പന്ത്രണ്ട് പാരമ്പര്യങ്ങൾ

1. നമ്മുടെ പൊതുനന്മയ്ക്കാണ് ആദ്യ പരിഗണന; എ.എ.യുടെ ഐക്യത്തെ ആശ്രയിച്ചാണ് വ്യക്തിപരമായ മോചനം.
2. നമ്മുടെ ഗ്രൂപ്പിന്റെ നടത്തിപ്പിന് ഒരേയൊരു പരമാധികാരിയേയുള്ളു – ഗ്രൂപ്പിന്റെ മനഃസാക്ഷിയിൽക്കൂടി സ്വയം പ്രകടമാകുന്ന സ്നേഹനിധിയായ ദൈവം. നമ്മെ നയിക്കുന്നവർ വിശ്വസ്ത സേവകരാണ്; അവർ ഭരിക്കുന്നില്ല.
3. മദ്യപാനം നിർത്തണമെന്ന ആഗ്രഹം മാത്രമാണ് എ.എ.യിൽ ചേരുവാനുള്ള ഒരേയൊരു യോഗ്യത.
4. മറ്റ് ഗ്രൂപ്പുകളെയോ എ.എ. മുഴുവനായോ ബാധിക്കുന്ന കാര്യങ്ങളൊഴിച്ച് ഓരോ ഗ്രൂപ്പും സ്വയംഭരണത്തിലായിരിക്കണം.
5. ഇപ്പോഴും കഷ്ടപ്പെടുന്ന മദ്യാസക്തർക്ക് എ.എ.യുടെ സന്ദേശം എത്തിച്ചു കൊടുക്കുക എന്നതായിരിക്കണം ഓരോ ഗ്രൂപ്പിന്റെയും പ്രാഥമിക ഉദ്ദേശ്യം.
6. ഒരു എ.എ. ഗ്രൂപ്പും ഒരിക്കലും പുറമെയുള്ള സ്ഥാപനങ്ങളെയോ സംരംഭങ്ങളെയോ അംഗീകരിക്കുകയോ ധനപരമായി ഇടപെടുകയോ എ.എ.യുടെ പേര് ബന്ധപ്പെടുത്തുകയോ ചെയ്യരുത്. അല്ലെങ്കിൽ ധനപരമോ വസ്തുപരമോ അഭിമാനപരമോ ആയുള്ള കാര്യങ്ങൾ നമ്മുടെ പ്രാഥമിക ഉദ്ദേശ്യത്തിൽനിന്നും നമ്മെ വഴി തെറ്റിക്കും.
7. ഓരോ എ.എ. ഗ്രൂപ്പും പുറമേനിന്നുള്ള സംഭാവനകൾ നിരസിച്ചുകൊണ്ട് പൂർണമായും സ്വയംപര്യാപ്തമാവണം.
8. ആൽക്കഹോളിക്സ് അനോനിമസ് പ്രവർത്തനം ഒരിക്കലും ഒരു തൊഴിലാക്കരുത്. എന്നാൽ, നമ്മുടെ സേവനകേന്ദ്രങ്ങളിൽ പ്രത്യേക ജീവനക്കാരെ നിയമിക്കാം.
9. എ.എ. ഒരിക്കലും സംഘടിതപ്രസ്ഥാനമാകരുത്. എങ്കിലും ആർക്കുവേണ്ടി സേവനം ചെയ്യുന്നുവോ അവരോട് നേരിട്ട് ഉത്തരവാദിത്വമുള്ള സർവീസ് കമ്മിറ്റികളോ ബോർഡുകളോ ഉണ്ടാക്കാവുന്നതാണ്.
10. പുറമേയുള്ള വിഷയങ്ങളിൽ ആൽക്കഹോളിക്സ് അനോനിമസ്സിന് യാതൊരു അഭിപ്രായവുമില്ല. അതുകൊണ്ട് എ.എ.യുടെ പേര് പൊതുവിവാദങ്ങളിലേക്ക് വലിച്ചിഴയ്ക്കരുത്.
11. പ്രചാരണമെന്നതിലുപരി ആകർഷണമാണ് നമ്മുടെ പൊതുജനസമ്പർക്കനയത്തിന്റെ അടിസ്ഥാനം; നാം എപ്പോഴും വ്യക്തിപരമായ അനാമധേയത്വം പ്രസ്സ്, റേഡിയോ, ഫിലിം എന്നീ തലങ്ങളിൽ പാലിക്കണം.
12. അനാമധേയത്വം നമ്മുടെ എല്ലാ പാരമ്പര്യങ്ങളുടെയും ആത്മീയ അടിത്തറയാണ്, വ്യക്തികളെക്കാൾ തത്വങ്ങൾക്ക് മുൻസ്ഥാനം കൊടുക്കണമെന്ന് ഇത് എപ്പോഴും നമ്മെ ഓർമ്മിപ്പിക്കുന്നു.